"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലമാറ്റം നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.56/2024/AGRI തീയതി,തിരുവനന്തപുരം, 17-01-2024

---

പരാമർശം:-

1. സർക്കുലർ നമ്പർ 62/1991/ധന തീയതി 22/11/1991
2. 06/10/2023 ലെ ശ്രീമതി മിനി.സി.എൽ, കൃഷി ജോയിന്റ് ഡയറക്ടറുടെ അപേക്ഷ.
3. 22/12/2023 ലെ ശ്രീ. രാജേഷ് കുമാർ കൃഷി ജോയിന്റ് ഡയറക്ടറുടെ അപേക്ഷ
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23/12/2023 ലെ ADFW/3921/2023-SB1 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ആത്മ പ്രൊജക്ട് ഡയറക്ടർ ശ്രീമതി.മിനി.സി.എൽ ( കൃഷി ജോയിന്റ് ഡയറക്ടർ ) ടിയാൾക്ക് തിരുവനന്തപുരം ജില്ലയിലേയ്ക്ക് ചികിത്സാർത്ഥം സ്ഥലംമാറ്റത്തിനായി മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതവും കൃഷി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (FIG) ശ്രീ.രാജേഷ് കുമാർ ടിയാളുടെ ജില്ലയായ കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റത്തിനായും സമർപ്പിച്ച അപേക്ഷകൾ കൃഷി ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു.

2. മേൽ സാഹചര്യത്തിൽ ചുവടെ പരാമർശിച്ചിരിക്കുന്ന കൃഷി ജോയിന്റ് ഡയറക്ടർമാരെ ടിയാളുകളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭരണസൗകര്യാർത്ഥം അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന തസ്തികയിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും തസ്തികയും നിലവിലെ ഓഫീസും | സ്ഥലം മാറ്റം നൽകി നിയമിക്കുന്ന തസ്തികയും ഓഫീസും |
|---|---|---|
| 1 | ശ്രീമതി.മിനി.സി.എൽ, പ്രോജക്ട് ഡയറക്ടർ, ആത്മ,കൊല്ലം | കൃഷി ജോയിന്റ് ഡയറക്ടർ (FIG), കൃഷി ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 2 | ശ്രീ.എസ്.രാജേഷ് കുമാർ, കൃഷി ജോയിന്റ് ഡയറക്ടർ (FIG), കൃഷി ഡയറക്ടറേറ്റ്, തിരുവനന്തപുരം | പ്രോജക്ട് ഡയറക്ടർ, ആത്മ,കൊല്ലം |

3. ടി ഉദ്യോഗസ്ഥരുടെ പ്രവേശനകാലം പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്ക വിധേയമായിരിക്കും.മേൽ ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിച്ച വിവരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് ഹനീഫ.എം.എം.**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA1/85/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.ന്